LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വിഭാഗങ്ങളുടെമേൽ നടക്കുന്ന അനീതികൾ പരിശോധിക്കുന്നതിന് വിജിലൻസ് സമിതിയുടെ പ്രവർത്തനങ്ങൾ

288 (996) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങളുടെ മേൽ നടക്കുന്ന അനീതികൾ പരിശോധിക്കുന്നതിന് വിജിലൻസ് സമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ജില്ലാ വിജിലൻസ് സമിതിയുടെ പ്രവർത്തനങ്ങൾ നിർജ്ജീവമായതിന്റെ കാരണങ്ങൾ എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989 പ്രകാരം ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പട്ടികജാതി വികസന ഓഫീസർ കൺവീനറുമായി ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. ഈ കമ്മിറ്റി ഒരു കലണ്ടർ വർഷത്തിൽ കുറഞ്ഞത് നാല് തവണ യോഗം ചേരുകയും പ്രസ്തുത നിയമ പ്രകാരമുള്ള ആശ്വാസ ധനസഹായ വിതരണം, ടി നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ടി നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ എന്നിവ അവലോകനം ചെയ്യുവരുന്നു. കൂടാതെ മുഖ്യമന്ത്രി ചെയർമാനായി, സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

(സി) സമിതിയുടെ പ്രവർത്തനങ്ങൾ സജീവമാണ്.

പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്ന ധനസഹായം

289 (997) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി ക്ഷേമ വകുപ്പിൽനിന്നും സാധുക്കളായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്ന ധനസഹായം ഏത് വർഷം വരെ കൊടുത്തു തീർത്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; എത്ര തുകയാണ് ഇതിന് നീക്കിവച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പട്ടികജാതി വികസന വകുപ്പിൽനിന്നും സാധുക്കളായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം അനുവദിച്ചു നൽകിയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ജില്ല	ധനസഹായം കൊടുത്തുതീർത്ത തീയതി
തിരുവനന്തപുരം	31-7-14
കൊല്ലം	3-3-14
പത്തനംതിട്ട	6-7-14
ആലപ്പുഴ	21-10-14
കോട്ടയം	20-8-14
ഇടുക്കി	21-4-14
എറണാകുളം	30-6-14
തൃശ്ശൂർ	31-8-14
പാലക്കാട്	30-6-14
മലപ്പുറം	31-10-14
കോഴിക്കോട്	31-5-14
വയനാട്	30-6-14
കണ്ണൂർ	21-7-14
കാസർഗോഡ്	21-7-14

2014-15 വർഷം വിവാഹ ധനസഹായം വിതരണം നടത്തുന്നതിനായി 2500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.